പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2273 **27-10-2026-ൽ മറുപടിയ്ക്ക്**

ചകിരിയുടെ ലഭ്യതക്കുറവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ജോയി ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കയർ പിരിക്കുന്നതിന് ആവശ്യമായ ചകിരിയുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) സംഘങ്ങൾക്ക് ആവശ്യമായ ചകിരി, കയർഫെഡ് വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സംഘങ്ങൾക്ക് ചകിരി ലഭ്യത ഉറപ്പുവരുത്തുന്നതിന് കയർഫെഡ് വഴി ഫൈബർ ബാങ്ക് പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. ഇതുവരെ 23,10,379/- രൂപയുടെ ചകിരി കയർ ഉൽപ്പാദക സംഘങ്ങൾക്ക് നൽ കിയിട്ടുണ്ട്.

(സി) കയർ മേഖലയിൽ തൊഴിലാളികളുടെ വേതനം കുറവായതിനാൽ പ്രസ്തുത മേഖലയിൽ തൊഴിലാളികളുടെ വരവ് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കയർ മേഖലയിൽ വേതനം താരതമ്യേന കുറവായതിനാൽ കൂടുതൽ പേർ ഈ മേഖലയിലേക്ക് കടന്നു വരാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

(ഡി) കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി: 2026-27 സാമ്പത്തിക വർഷത്തിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഇനത്തിൽ 4,56,50,000/- (നാലു കോടി അൻപത്തിയാറു ലക്ഷത്തി അൻപതിനായിരം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ